ഹരിതകേരളം മിഷൻ
കേരള സർക്കാർ

07.08.2020

പത്രക്കുറിപ്പ്

## തദ്ദേശ സ്ഥാപനങ്ങളിലെ അജൈവ മാലിന്യ സംസ്കരണം

## വിജയ മാതൃകകള് : വെബിനാര് ഇന്ന് (08.08.2020)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളില് അനുവര്ത്തിച്ച് വിജയം കണ്ട അജൈവ മാലിന്യ സംസ്കരണ മാര്ഗ്ഗങ്ങളെ അടിസ്ഥാനമാക്കി സംഘടിപ്പിക്കുന്ന വെബിനാര് ഇന്ന് (08.08.2020 ശനി) ഉച്ചയ്ക്ക് 2.30 മുതല് 4.30 വരെ നടക്കും. സുസ്ഥിര വികസന മാതൃകകള് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളില് എന്ന വിഷയത്തെ ആസ്പദമാക്കി കേരള ഇന്സ്റ്റിറ്റിയൂട്ട് ഓഫ് ലോക്കല് അഡ്മിനിസ്ട്രേഷനും(കില), ഹരിതകേരളം മിഷനും ഗുലാത്തി ഇന്സ്റ്റിറ്റിയൂട്ട് ഓഫ് ഫിനാന്സ് ആന്റ് ടാക്നേഷനും (ഗിഫ്റ്റ്) സംയുക്തമായി സംഘടിപ്പിച്ചു വരുന്ന വെബിനാര് പരമ്പരയിലെ അഞ്ചാം പതിപ്പാണ് ഇന്ന് നടക്കുന്നത്.

ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മിർ മുഹമ്മദ് അലി ഐ.എ.എസ്., വെബിനാറിൽ മുഖ്യ പ്രഭാഷണം നടത്തും. ശുചിത്വമിഷൻ മുൻ എക്സിക്യൂട്ടീവ് ഡയറക്ടറും പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞനുമായ ഡോ. അജയകുമാര് വര്മ്മ പാനല് മോഡറേറ്ററായിരിക്കും. UNDP സർക്കുലർ എക്കോണമി ഹെഡ് പ്രഭ്ജോത് സോധി എംബിഇ, യു.എൻ. ഹാബിറ്റാറ്റ് ഇൻഡ്യ വേസ്റ്റ് മാനേജ്മെന്റ് സ്പെഷ്യലിസ്റ്റ് സ്വാതിസിംഗ് സംബയൽ, ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടർ പി.കേശവൻ നായർ എന്നിവർ പാനൽ അംഗങ്ങളാകും. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ., കില എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.ജോയ് ഇളമൺ എന്നിവർ പങ്കെടുക്കും. സംസ്ഥാനത്ത് വിവിധ മാര്ഗ്ഗങ്ങള് അവലംബിച്ച് ജൈവമാലിന്യ സംസ്കരണം നടത്തുകയും മറ്റു സ്ഥാപനങ്ങള്ക്ക് അനുകരിക്കാനാവും വിധം വിജയമാതൃകകളാവുകയും ചെയ്ത തദ്ദേശ സ്ഥാപനങ്ങളുടെ അവതരണമാണ് വെബിനാറിലെ പ്രധാന ഇനം. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് മുനിസിപ്പാലിറ്റി, കോഴിക്കോട് ജില്ലയിലെ വടകര മുനിസിപ്പാലിറ്റി, മലപ്പുറം ജില്ലയിലെ കരുളായി ഗ്രാമപഞ്ചായത്ത്, ഇടുക്കിയിലെ ആലക്കോട് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്ത്, പത്തനംതിട്ടയിലെ തുമ്പമൺ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ലയിലെ കടക്കൽ ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളാണ് അതത് സ്ഥാപന അധ്യക്ഷർ അവതരിപ്പിക്കുന്നത്.

ഹരിതകേരളം മിഷന് ഫേസ്ബുക്ക് facebook.com/harithakeralamission, യൂട്യൂബ് ചാനല് youtube.com/harithakeralammission, കിലയുടെ ഫേസ്ബുക്ക് www.facebook.com/kilatcr യുട്യൂബ് ചാനല് youtube.com/kilatcr, ഗിഫ്റ്റിന്റെ ഫേസ്ബുക്ക് facebook.com/Gulatigift, യുട്യൂബ് ചാനല് youtube.com/GIFTkerala എന്നിവയിലൂടെ വെബിനാര് കാണാനാവും.

പബ്ലിക് റിലേഷൻസ് ഓഫീസർ
ഹരിതകേരളം മിഷൻ

റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in

F1116